3. എ. ഐ. സി. റ്റി. ഇ. സ്കീം അനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യതയില്ലാതെ ഇപ്പോൾ മേൽപ്പറഞ്ഞ തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് നിഷ്കർഷിതമായ വിദ്യാഭ്യാസ യോഗ്യത മൂന്ന് വർഷത്തിനുള്ളിൽ നേടേണ്ടതാണെന്ന വ്യവസ്ഥയിൽ സർവ്വീസ് സംരക്ഷണം നൽകേണ്ടതാണ്.

(ഇ) കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ പരിശോധിക്കുകയും എ. ഐ. സി. റ്റി. ഇ. സ്കീം നടപ്പിലാക്കുമ്പോൾ കടുത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണ്ടെത്തുകയും ചെയ്തു. അതിനാൽ സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ പരിഗണിക്കുന്നതിനായി ഇക്കാര്യം താല്ക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.

റാന്നി നിയോജകമണ്ഡലത്തിൽ ടെക്നിക്കൽ ഹൈസ്കൂൾ ആരംഭിക്കാൻ നടപടി

136 (419) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ എത്ര ഹൈസ്കൂളുകളാണ് ഉള്ളത് ; ഇതിൽ സർക്കാർ/എയിഡഡ് എത്ര വീതം എന്ന് വ്യക്തമാക്കാമോ ;

(ബി) റാന്നി നിയോജകമണ്ഡലത്തിൽ എത്ര ടെക്നിക്കൽ ഹൈസ്കൂളുകൾ ഉണ്ട് എന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ ടെക്നിക്കൽ ഹൈസ്കൂളുകൾ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 28 എണ്ണം.

സർക്കാർ സ്കൂളുകൾ	6
എയ്ഡഡ് സ്കൂളുകൾ	21
(അൺ എയ്ഡഡ്	1)

(ബി) ടെക്നിക്കൽ ഹൈസ്കൂളുകൾ നിലവിലില്ല. പുതിയവ ആരംഭിക്കുന്ന കാര്യം തല്ക്കാലം പരിഗണനയിലില്ല.

കൊച്ചി സർവ്വകലാശാലയിലെ വിവിധ തസ്തികകളിൽ നിയമനം

137 (4420) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സർവ്വകലാശാല 2000 ജൂണിൽ അസിസ്റ്റന്റ് ഗ്രേഡ് - 2, റും ബോയ് നിയമനത്തിനായി അപേക്ഷ ക്ഷണിച്ച് നാളിതുവരെ നിയമനം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly